സ്റ്റുഡന്റ്സ് പോലീസ് പദ്ധതി

5 (4608) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റുഡന്റ് പോലീസ് പദ്ധതിക്കായി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

സ്റ്റുഡന്റ്സ് പോലീസ് പദ്ധതിക്കായി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. സജീവമായതും സേവന പാരമ്പര്യമുള്ള അദ്ധ്യാപക രക്ഷകർത്തൃ സമിതിയുണ്ടായിരിക്കണം.

2. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ നടത്തിപ്പിനായി ഒരു അദ്ധ്യാപകനും ഒരു അദ്ധ്യാപികയുമെങ്കിലും സന്നദ്ധമായിരിക്കണം.

3. കായികപരിശീലനത്തിനായി അനുയോജ്യമായ ഒരു ഗ്രൗണ്ട് ഉണ്ടായിരിക്കണം.

4. ഹൈസ്കൂളിലും ഹയർ സെക്കൻഡറി സ്കൂളിലുമായി 500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ, സർക്കാർ എയിഡഡ് വിദ്യാലയങ്ങളായിരിക്കണം.

5. നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനം നൽകുന്ന എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്താവുന്നതാണ്.

6. ഒരു പോലീസ് സർക്കിളിൽ ഒരു വിദ്യാലയം എന്ന നിലയിൽ ഒരു പോലീസ് ജില്ലയിൽ പരമാവധി 6 സ്കൂളുകൾ അനുവദിക്കാവുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

6(4609) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത സ്കൂളുകളിൽ മണലൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടുമോയെന്നറിയിക്കുമോ ?

ഉത്തരം

(എ) ചുവടെ ചേർത്തിട്ടുള്ള സ്കൂളുകളാണ് ഇപ്പോൾ പരിഗണനയിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1. ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, മച്ചാട്.

2. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പഴഞ്ഞി.

3. നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ഇരിഞ്ഞാലക്കുട.

4. സി.എം.എസ്. ഹൈസ്കൂൾ, തൃശ്ശൂർ.

5. മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്കൂൾ, കൊരട്ടി.

6. സെന്റ് അലോഷ്യസ് ഹൈസ്കൂൾ, എൽത്തുരുത്ത്.

7. ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, കൊടുങ്ങല്ലൂർ.

8. ശ്രീമൂലം തിരുനാൾ ഹൈസ്കൂൾ, ചേലക്കര.

(ബി) ഉൾപ്പെടുന്നില്ല.

പൊതുയോഗങ്ങൾ നടത്തിയതിന് കോഴിക്കോട് നഗരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

7 (4610) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു യോഗങ്ങൾ നടത്തിയതിന്റെ പേരിൽ കോഴിക്കോട് ജില്ലയിൽ, 1-1-2010 മുതൽ എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ രാഷ്ട്രീയ പാർട്ടികളുടെ പേരിൽ എടുത്ത കേസുകളുടെ എണ്ണവും, നേതാക്കളുടെ പേരും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡി.വൈ.എഫ്.ഐ. പേരാമ്പ്ര ബ്ലോക്ക് പ്രസിഡന്റ് മുതുക്കാട് സുനിൽ, സെക്രട്ടറി ഹനീഫ മാസ്റ്റർ എന്നിവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്.

പൊതുനിരത്തിൽ പൊതുയോഗം നിരോധിച്ച ഹൈക്കോടതി വിധി

8 (4611) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തിലെ പൊതുയോഗം നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി, സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേട്ടശേഷമായിരുന്നോ ;

(ബി) സർക്കാർ അഭിഭാഷകൻ കോടതിയിൽ ഹാജരായിരുന്നില്ലെന്നത് ശരിയാണോ ;

LIBRARY ARCHIVES Kerala Legislative Assembly